20640
3/10/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 2012 ലെ സോമിൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ.ജോർജ്ജ് ഫ്രാൻസിസ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റി (റിട്ട) നെതിരായ അച്ചടക്ക നടപടി-ഔപചാരികാന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.346/2017/വനം തീയതി, തിരുവനന്തപുരം, 17.09.2017

---

പരാമർശം :
1) 06.10.2016 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) വിഇ 2-14004/16 നമ്പർ കത്ത്
2) 05.02.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി6-61436/2016 നമ്പർ കത്ത്
3) 21.03.2017 ലെ FWLD-A1/06/2017/FWLD നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും/കാരണം കാണിക്കൽ നോട്ടീസും
4) 06.04.2017 തീയതിയായി സർവ്വശ്രീ.കെ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5) 24.04.2017 തീയതിയായി ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട്(റിട്ട.) സമർപ്പിച്ച വിശദീകരണം
6) 24.05.2017, 03.08.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ബി6-61436/2016 നമ്പർ കത്ത്
7) 01.08.2017 ലെ സ.ഉ.(സാധാ) നം.290/2017/വനം ഉത്തരവ്

**ഉത്തരവ്**

ശ്രീ.ശ്രീകണ്ഠൻ നായർ, ശ്രീ.തുളസീധരൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള, ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 2012 ലെ സോമിൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിന്മേൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) അന്വേഷണം നടത്തുകയുണ്ടായി.

2) ടി സ്ഥാപനം 30.10.2002 ന് മുമ്പ് പ്രവർത്തിച്ചിരുന്നതല്ലായെന്നുള്ള വിജിലൻസ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററുടെ റിപ്പോർട്ട് പ്രസ്തുത ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഉണ്ടെന്നിരിക്കെ ടി റിപ്പോർട്ട് പൂർണ്ണമായും അവഗണിച്ചുകൊണ്ടും ലൈസൻസ് സംബന്ധിച്ച അപേക്ഷയിന്മേൽ യാതൊരു അന്വേഷണവും നടത്താതെയും കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012 ലെ ചട്ടങ്ങൾക്ക് വിരുദ്ധമായി, കീഴുദ്യോഗസ്ഥർ സമർപ്പിച്ച ഫയൽ അംഗീകരിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലൈസൻസ് നൽകിയതായി അന്വേഷണത്തിൽ കണ്ടെത്തുകയും, ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (1) പ്രകാരം അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു.

3) ടി ശുപാർശ അംഗീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീ.കെ.മനോജ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും, വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ.റോമി മാത്യുവിന് കാരണം കാണിക്കൽ നോട്ടീസും പരാമർശം (3) പ്രകാരം നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു.

4) കുറ്റാരോപിതർക്കെതിരെയുള്ള ചാർജ്ജുകൾ താഴെ പറയുന്നവയാണ്.

1. <u>ശ്രീ. കെ. മനോജ്</u>

(i) ടിയാൻ തിരുവനന്തപുരം ഡിവിഷനിൽ സീനിയർ സൂപ്രണ്ടായി ജോലി നോക്കി വരവേ 10/2003 മുതൽ 11/2003 വരെയുള്ള കാലയളവിൽ ശ്രീ.ശ്രീകണ്ഠൻ നായരുടെ ഉടമസ്ഥതയിലുള്ള ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ് എന്ന മരാധിഷ്ഠിത വ്യവസായ സ്ഥാപനം 30.10.2002 ന് മുമ്പ് പ്രവർത്തിച്ചിരുന്നു എന്ന് തെളിയിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലായെന്നറിഞ്ഞിട്ടും അവ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവരാതെ ലാഭേച്ഛയോടെ തെറ്റായ വിവരങ്ങൾ ചൂണ്ടിക്കാട്ടി ലൈസൻസ് നൽകുവാനുള്ള ശുപാർശ അംഗീകരിച്ച് മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ചതു വഴി ടി സ്ഥാപനത്തിന് ലൈസൻസ് ലഭിക്കാനിടയായി.

(ii) ടിയാന്റെ മേൽ പ്രവൃത്തികൾ കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012, സുപ്രീം കോടതിയുടെ ഡബ്ല്യു.പി.(സി) നം.202/1995 ലെ ഉത്തരവ് എന്നിവയുടെ ലംഘനമാണ്.

(iii) മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

2. ശ്രീ.ജോർജ്ജ് ഫ്രാൻസിസ്

(i) ടിയാൻ തിരുവനന്തപുരം ഡിവിഷനിൽ സീനിയർ സൂപ്രണ്ടായി ജോലി നോക്കി വരവേ 10/2003 മുതൽ 11/2003 വരെയുള്ള കാലയളവിൽ ശ്രീ.ശ്രീകണ്ഠൻ നായരുടെ ഉടമസ്ഥതയിലുള്ള ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ് എന്ന മരാധിഷ്ഠിത വ്യവസായ സ്ഥാപനം 30.10.2002 ന് മുമ്പ് പ്രവർത്തിച്ചിരുന്നു എന്ന് തെളിയിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ലായെന്നറിഞ്ഞിട്ടും അവ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവരാതെ ലാഭേച്ഛയോടെ തെറ്റായ വിവരങ്ങൾ ചൂണ്ടിക്കാട്ടി ലൈസൻസ് നൽകുവാനുള്ള ശുപാർശ അംഗീകരിച്ച് മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ചതു വഴി ടി സ്ഥാപനത്തിന് ലൈസൻസ് ലഭിക്കാനിടയായി.

(ii) ചുമതലപ്പെടുത്തിയ ഓഫീസറുടെ അംഗീകാരമില്ലാതെ ശ്രീ.തുളസീധരന് കൈമാറ്റം ചെയ്ത ശ്രീകണ്ഠൻ നായരുടെ ലക്ഷ്മി വുഡ് ഇൻഡസ്ട്രീസിന്, സത്യൻ ടിംബേഴ്സ് എന്ന പേരിൽ വീണ്ടും ലൈസൻസ് അനുവദിക്കുന്നതിന് ഇടയായി.

(iii) ടിയാന്റെ മേൽ പ്രവൃത്തികൾ കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് & അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾസ് 2012, സുപ്രീം കോടതിയുടെ ഡബ്ല്യു.പി.(സി) നം.202/1995 ലെ ഉത്തരവ് എന്നിവയുടെ ലംഘനമാണ്.

(iv) മേൽ കൃത്യങ്ങൾ വഴി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

5) കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് എന്നിവയ്ക്ക് സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, കെ.മനോജ്, റോമി മാത്യു(റിട്ട) എന്നിവർ പരാമർശം (4), (5) പ്രകാരം വിശദീകരണം സമർപ്പിച്ചു. കുറ്റാരോപിതർ സമർപ്പിച്ച വിശദീകരണങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരം അഭിപ്രായമറിയിച്ചു.

6) കുറ്റപത്രത്തിന് ശ്രീ.കെ.മനോജ് സമർപ്പിച്ച വിശദീകരണം പരിഗണിച്ച് ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്നും സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, റോമി മാത്യു എന്നിവർ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടു.

7) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം അംഗീകരിച്ച് ശ്രീ.കെ.മനോജിനെ പരാമർശം (7) പ്രകാരം കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

8) ശ്രീ.ജോർജ്ജ് ഫ്രാൻസിസിന് സർവ്വീസിലിരിക്കെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15

പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രമാണ് നൽകിയത്. ടിയാൻ 31.05.2017 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3 ലെ റൂളിംഗ് നമ്പർ 2 പ്രകാരം ടിയാനെതിരെ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ടിയാനെതിരെ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും, ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുമായി ഒരു ഔപചാരിക അന്വേഷണം നടത്താനും വിരമിച്ച ശ്രീ. റോമി മാത്യുവിന്റെ വിഷയത്തിൽ ടി അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം തുടർ നടപടി സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

9) ശ്രീ.ജോർജ്ജ് ഫ്രാൻസിസിനെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ.എസ്.വിനോദ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററി (എഫ്.എം.ഐ.എസ്) നെയും, പ്രസന്റിംഗ് ഓഫീസറായി ശ്രീ.രതീഷ്, റെയിഞ്ച് ഫോറസ്റ്റാഫീസറി (പാലോട്) നെയും നിയമിക്കുന്നതിന് പരാമർശം (7) ലെ 03.08.2017 ലെ കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്യുകയുണ്ടായി.

10) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ അംഗീകരിച്ച് ശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റി (റിട്ട) നെതിരെ, ശ്രീ.എസ്.വിനോദ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററിനെ (എഫ്.എം.ഐ.എസ്), അന്വേഷണാധികാരിയായും ശ്രീ.രതീഷ്, റെയിഞ്ച് ഫോറസ്റ്റാഫീസറിനെ (പാലോട്) പ്രസന്റിംഗ് ഓഫീസറായും നിയമിച്ചുകൊണ്ട് ഔപചാരികാന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

11) അന്വേഷണ റിപ്പോർട്ട് കർശനമായും 3 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.എസ്.വിനോദ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ(എഫ്.എം.ഐ.എസ്)
ശ്രീ.രതീഷ്, റെയിഞ്ച് ഫോറസ്റ്റാഫീസർ (പാലോട്)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

ശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.)
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ